ഉത്തരം

(എ) എസ്റ്റിമേറ്റ് തുക 280 ലക്ഷം രൂപ. ഈ പാലത്തിന്റെ നിർമ്മാണത്തിനുവേണ്ടി 340 ലക്ഷം രൂപ ചെലവായി.

(ബി) ഇല്ല.

(സി & ഡി) ഈ പാലം നിർമ്മാണത്തിനുവേണ്ടി 510 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ഇതിൽ പാലം നിർമ്മാണത്തിനു ചെലവായ 340 ലക്ഷം രൂപ കഴിച്ച് അവശേഷിക്കുന്ന തുകയിൽ നിന്ന് 90 ലക്ഷം രൂപ വിനിയോഗിച്ച് അപ്രോച്ച് റോഡ് നിർമ്മിക്കുന്നതിനുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുന്നു.

കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ ആയിരംതെങ്ങ്-അഴീക്കൽ പാലത്തിന്റെ നിർമ്മാണം

143 [1374] ശ്രീ. എ. എൻ. രാജൻ ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ ജെ. എസ്. കനാലിനു കുറുകെ നിർമ്മിക്കുന്ന ആയിരംതെങ്ങ്-അഴീക്കൽ പാലത്തിന്റെ നിർമ്മാണം എന്ന് ആരംഭിക്കുവാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇതിന്റെ നിർമ്മാണം ആരംഭിക്കുന്നതിന് സർക്കാർതലത്തിൽ എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ & ബി) പുതുക്കിയ ഭരണാനുമതി നൽകി നബാർഡ് സഹായത്തോടെ ഈ പാലത്തിന്റെ നിർമ്മാണം എത്രയും വേഗം ആരംഭിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഗുരുവായൂർ നിയോജകമണ്ഡലത്തിലെ വളയംതോട് പാലത്തിന്റെ നിർമ്മാണ നടപടികൾ

144 [1375] ശ്രീ. പി. കെ. കെ. ബാവ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ നിയോജകണ്ഡലത്തിലെ പുന്നയൂർ പഞ്ചായത്തിലെ വളയംതോട് പാലത്തിന്റെ നിർമ്മാണ നടപടികൾ എവിടംവരെയായി;

(ബി) അപ്രോച്ച് റോഡിന്റെ സ്ഥലമെടുപ്പ് ഏതു ഘട്ടത്തിലാണ്;

(സി) അത് ത്വരിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly